# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 20 No. 12 | PUBLISHED FROM DELHI | PRICE Rs. 3/- | DECEMBER 2016


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 23-ാമത് ജനറൽ കൺവൻഷൻ അടൂരിൽ

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിമൂന്നാമത് ജനറൽ കൺവൻഷൻ 2016 മാർച്ച് 1 മുതൽ 5 വരെ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 1-ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), പാസ്റ്റർ പോൾസൺ സ്റ്റീഫൻ (എറണാകുളം) പാസ്റ്റർ അനീഷ് കാവാലം, പാസ്റ്റർ ജോയി പാറക്കൽ (അങ്കമാലി) എന്നിവരാണ് ഈ വർഷത്തെ മുഖ്യ പ്രാസംഗികർ.

എല്ലാദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗം നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യൂ.എ. എന്നി പുത്രികാ സംഘടനകളുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്. 4-ാം തീയതി രാവിലെ പത്ത് മണിക്ക് അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഒമ്പതാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഡോ. സന്തോഷ് ജോൺ(തിരുവനന്തപുരം) മുഖ്യ സന്ദേശം നൽകും.

ഞായറാഴ്ച രാവിലെ നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സും ഫെയ്ത്ത് ബാന്റും ഈ യോഗങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകും. കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കും.

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടന്നു

**നോയിഡ:** ഉത്തരഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച നോയിഡ ഹാർവെസ്റ്റ് മിഷൻ കോളജിന്റെയും സഭകളുടെയും നേതൃത്വത്തിൽ തലസ്ഥാന നഗരിയിലും അതോട് ചേർന്ന് കിടക്കുന്ന വിവിധ സ്ഥലങ്ങളിലും സൗജന്യ മെഡിക്കൽ ക്യാമ്പ് നടന്നു. എച്ച്. എം. സി. ഡയറക്ടർ പാസ്റ്റർ ബാബു ജോൺ, ഹാർവെസ്റ്റ് മിഷൻ കോളജ് പ്രിൻസിപ്പൽ ഡോ. ബിജു ജോൺ, സുവി. ബ്ലസ്സൻ ജി. സാമുവേൽ എന്നിവരുടെ നേതൃത്വത്തിൽ വിദേശികളും സ്വദേശികളുമായ ഡോക്ടർമാരും എച്ച്. എം. സി. യിലെ വിദ്യാർത്ഥി-വിദ്യാർത്ഥികളും സേവനങ്ങളിൽ ഭാഗഭാക്കായി.

നവംബർ 17 മുതൽ 23 വരെ തീയതികളിലായി ഗാസിയാബാദ്, നോയിഡ എക്സ്റ്റെൻഷനിലെ ചിറ്റാർസി ഗ്രാമം, ഗ്രേറ്റർ നോയിഡയിലെ കസാന ഗ്രാമം, ഗാസിയാബാദിലെ കുഷ്ഠ രോഗാശുപത്രി, ഡൽഹിയിലെ സംഘം വിഹാർ, ഷാദിപൂർ ഡിപ്പോ എന്നിവിടങ്ങളിലായി ക്യാമ്പുകൾ നടത്തി.

വിവിധ ക്യാമ്പുകളിലായി 1200ഓളം രോഗികൾ വിവിധ രോഗങ്ങൾക്കുള്ള ചികിത്സ തേടി. പാസ്റ്റർ ആരോൺ പോൾ, പാസ്റ്റർ മാർട്ടി മസി, പാസ്റ്റർ ഷിബി മാത്യു, പാസ്റ്റർ ടി. ഡാനിയേൽ, സഹോ. രാജു ജോർജ് (ന്യൂലൈഫ്) എന്നിവർ വിവിധ ക്യാമ്പുകൾക്ക് നേതൃത്വം നൽകി.

## വാർത്തകളും വിശകലനവും

### അമേരിക്കൻ തിരഞ്ഞെടുപ്പ്

2016ന്റെ അവസാന ദിവസങ്ങളിലാണ് നാം. ഈ വർഷം ലോകവ്യാപകമായി വാർത്താപ്രാധാന്യം നേടിയ ഒന്നായിരുന്നു അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ്. കണക്കുകൂട്ടലുകളും തെറ്റിച്ച് പലർക്കും ഇച്ഛാഭംഗം വരുത്തി ഡൊണാൾഡ് ട്രംപ് വിജയശ്രീലാളിതനായി. പോപ്പുലർ വോട്ടുകൾ (ഈ കുറിപ്പ് എഴുതിക്കൊണ്ടിരിക്കുമ്പോഴും വോട്ടുകൾ എണ്ണിതീർന്നിട്ടില്ല) ഹിലാരി ക്ലിന്റണ് കൂടുതൽ ലഭിച്ചെങ്കിലും ഇലക്ട്രൽ കോളജിൽ ട്രംപിന് ഭൂരിപക്ഷം ലഭിച്ചത് ഒരു വനിത ആദ്യമായി രാഷ്ട്രത്തിന്റെ പരമോന്നത പദവിയിൽ എത്തുന്നതിന് വിഘാതമായി.

ഇലക്ഷൻ പ്രചരണത്തിൽ മുസ്ലീം വിരുദ്ധതയും കുടിയേറ്റ വിരുദ്ധതയും ആവോളം തുറന്നുകാട്ടിയ ട്രംപിന്റെ വിജയം പലരും ആശങ്കയോടാണ് നോക്കിക്കാണുന്നത്.

അമേരിക്കയിലെ ഇന്ത്യൻ വംശജരിൽ ഭൂരിഭാഗവും ഹിലാരിക്കാണ് വോട്ട് ചെയ്തത്. ഇന്ത്യയോടുള്ള ട്രംപിന്റെ സമീപനം എന്തായിരിക്കും എന്ന് ആകാംക്ഷയോടെ ഇന്ത്യൻ ജനത ആരായുന്നുണ്ട്. എന്നാൽ ഇതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ റിപ്പബ്ളിക്കൻ പ്രസിഡന്റ്മാരാണ് നയപരമായി ഇന്ത്യയെ സഹായിച്ചിട്ടുള്ളത്. ഒബാമ ആദ്യം അധികാരമേറ്റയുടൻ വിവിധ ഘട്ടങ്ങളിൽ നടത്തിയിരുന്ന ഇന്ത്യൻ നെഴ്സ്മാരുടെ വിസാ പ്രോസസിംങ്ങ് നിർത്തലാക്കിയിരുന്നു. ട്രംപിന്റെ ക്രൈസ്തവ സാക്ഷ്യം അത്ര മനോഹരമല്ലെങ്കിലും ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികൾ സന്തോഷത്തിലാണ്.

### മോദിയും രൂപയും

നവംബർ 8ന് ഇന്ത്യയിൽ പ്രധാനമന്ത്രി നരേന്ദർമോദി പ്രഖ്യാപിച്ച നോട്ട് നിരോധനം കള്ളപ്പണത്തിനെതിരെയുള്ള കുരുശുയുദ്ധമായി ഭരണകക്ഷി വിശേഷിപ്പിക്കുന്നുണ്ടെങ്കിലും രാജ്യത്തെ സാധാരണക്കാരെ അത് ദുരിതക്കയത്തിലാക്കിയിരിക്കുകയാണ്. ബാങ്കുകൾക്കും എടിഎമ്മുകൾക്കും മുന്നിലുള്ള നീണ്ട ക്യൂകൾ ഇപ്പോഴും തുടരുകയാണ്. വേണ്ടത്ര ആലോചനയോ തയ്യാറെടുപ്പോ ഇല്ലാതെ നടപ്പിലാക്കിയ പദ്ധതി എന്നാണ് നിഷ്പക്ഷ നിരീക്ഷകർ വിലയിരുത്തുന്നത്. രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ സ്തംഭിപ്പിച്ച് അടിയന്തിരാവസ്ഥയ്ക്ക് സമാനമായ സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നാണ് പലരും കുറ്റപ്പെടുത്തുന്നത്.

### ജയലളിത അന്തരിച്ചു

തമിഴ്നാട് മുഖ്യമന്ത്രി ജയലളിത, തമിഴ് മക്കളുടെ പ്രിയങ്കരിയായ അമ്മ ഡിസംബർ 5ന് അന്തരിച്ചതാണ് മറ്റൊരു പ്രധാന വാർത്ത. കഴിവുറ്റ ഒരു പിൻ ഗാമിയെ വളർത്തിയെടുക്കാതെയാണ് പുരട്ചി തലൈവി വിടവാങ്ങിയത്. തൽക്കാലം പനീർശെൽവത്തെ മുഖ്യമന്ത്രിയാക്കിയിട്ടുണ്ടെങ്കിലും രജനീകാന്തോ അജിത്തോ പാർട്ടിയേയും തമിഴകത്തേയും നയിച്ചേക്കാം. ജനപ്രിയമായ നടപടികളിലൂടെയാണ് ജയലളിത തമിഴക ത്തെ കീഴടക്കിയത്.





**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്
**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030


***ഉൾപേജുകളിൽ...***


ഇത് അന്ത്യകാലം : പാസ്റ്റർ എം.സാമുവൽകുട്ടി

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം: പാസ്റ്റർ മനോജ് തമ്പി

കൂരിരുളിൽ നിന്ന അത്ഭുത പ്രകാശത്തിലേക്ക് : പാസ്റ്റർ കുര്യാച്ചൻ

നല്ല വാക്ക് ഉച്ചരിപ്പിൻ : എം. എസ്. കെ.

പത്രാധിപ ലേഖനം.......

# ഇത് അന്ത്യകാലം



**അ**ന്ത്യസമയം അഥവ അന്ത്യനാഴിക എന്നുള്ള പദം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇരുട്ട് നീങ്ങി സത്യവെളിച്ചം പ്രകാശിക്കുവാൻ സമയമായി എന്നുള്ളതാണ്. യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ മുതൽ ദൈവം ഈ ലോകത്തിൽ പുതിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. പഴയനിയമ ചരിത്രങ്ങളെല്ലാം തന്നെ ക്രിസ്തുവിന്റെ ക്രൂശിലെ പ്രവൃത്തിക്ക് വേണ്ടി വഴിയൊരുക്കുകയായിരുന്നു. ആ സമയം വരെയുള്ള എല്ലാ ചരിത്രവും കേവലം അവസാനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളാണ്. അതായത് യേശുക്രിസ്തു വന്ന് അവന്റെ രാജ്യം സ്ഥാപിക്കുന്ന കാലത്തിനായുള്ള ഒരുക്കങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിൽ കൂടുതലൊന്നും പാപികളുടെ രക്ഷയ്ക്കുവേണ്ടി ദൈവം ചെയ്യേണ്ടതായിട്ടില്ല.

യോഹന്നാന്റെ കാലത്തുതന്നെ 'അന്ത്യനാഴിക' ആയിരുന്നുവെങ്കിൽ പിന്നെ എന്തുകൊണ്ട് യേശു ഇതുവരെയും മടങ്ങിവന്നില്ല എന്ന ചോദ്യം ചോദിച്ചേക്കാം. ഉത്കൃഷ്ടമായ ഒരു ചോദ്യമാണത്. വചനം അതിനുള്ള ഉത്തരവും നമുക്ക് നൽകുന്നു. ദൈവം തന്റെ സൃഷ്ടികളെപോലെ സമയം കൊണ്ട് നിയന്ത്രിക്കപ്പെടുന്നവനല്ല. അവൻ സമയത്തിന് അതീതനാണ്. അന്ത്യനാഴിക പണ്ട് യോഹന്നാന്റെ കാലത്ത് ആരംഭിക്കുകയും ഇപ്പോൾ അത് അതിന്റെ തീവ്രതയിലേക്ക് വളർന്നുകൊണ്ടിരിക്കയുമാണ്. ദൈവമില്ലാത്ത, തെറ്റായ ഉപദേശകർ യോഹന്നാന്റെ കാലത്തുമുണ്ടായിരുന്നു. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ അവർ എണ്ണത്തിലും സ്വാധീനത്തിലും വർദ്ധിച്ചു. അന്ത്യനാഴിക അഥവാ അന്ത്യസമയം എന്നത് സമയത്തിന്റെ ഒരു വകുപ്പിനെ സൂചിപ്പിക്കുന്നതിനുള്ള ശൈലികളാണ്. അല്ലാതെ സമയത്തിന്റെ കാലദൈർഘ്യത്തെയല്ല അത് സൂചിപ്പിക്കുന്നത്. 1 തിമൊഥിയോസ് 4-ാം അദ്ധ്യായത്തിൽ ഭാവികാലത്തെ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നു. യോഹന്നാനെപ്പോലെ പൗലൊസും തന്റെ കാലത്തെ സവിശേഷതകളെ നിരീക്ഷിച്ചിരുന്നു. ഇക്കാലത്തും അത്തരം സവിശേഷതകൾ കൂടുതൽ തീവ്രതയോടെ നമുക്ക് കാണുവാൻ കഴിയും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവമക്കൾ എല്ലായ്പ്പോഴും അന്ത്യനാഴികയിലാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. അതായത് പ്രതിസന്ധിയുടെ ഘട്ടങ്ങളിൽ. അതുകൊണ്ട് വിശ്വസിക്കുന്നത് എന്താണെന്നും അത് എന്തുകൊണ്ട് വിശ്വസിക്കുന്നുവെന്നും നാം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

'എതിർക്രിസ്തു' എന്നുള്ള പദം യോഹന്നാൻ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ഇത് മൂന്ന് കാര്യങ്ങൾ വിശദമാക്കുന്നു. 1. ഈ ഭൂമിയിൽ ക്രിസ്തുവിനെ എതിർക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന ഒരാത്മാവ്. 2. ഈ ആത്മാവിനെ ഉൾക്കൊള്ളുന്ന തെറ്റായ ഉപദേശകർ. 3. ക്രിസ്തുവിനെതിരായി ലോകാന്ത്യവിപ്ലവം നയിക്കുന്ന വ്യക്തി. സാത്താൻ ദൈവത്തോട് യുദ്ധം പ്രഖ്യാപിച്ച അന്നുമുതൽ എതിർക്രിസ്തുവിന്റെ ആത്മാവ് ലോകത്തിലുണ്ട്. ക്രിസ്തുവിൽ ക്രിസ്ത്യാനികൾക്കുള്ള യാഥാർത്ഥ്യങ്ങൾക്ക് പകരമായി കാണപ്പെടുന്ന തെറ്റായ എല്ലാ പ്രവർത്തനങ്ങൾക്കും മതപരമായ എല്ലാ തത്വങ്ങൾക്കും പിന്നിലുള്ളത് എതിർക്രിസ്തുവിന്റെ ആത്മാവാണ്. എതിർ എന്നുള്ള ഉപസർഗ്ഗപദത്തിന് യഥാർത്ഥത്തിൽ രണ്ടർത്ഥങ്ങളുണ്ട്. ഗ്രീക്കിൽ അതിന് ക്രിസ്തുവിന് 'എതിരായി' എന്നും 'പകരമായി' എന്നും രണ്ടർത്ഥങ്ങളാണുള്ളത്. സാത്താൻ അവന്റെ ക്രോധപരവശ്യത്തിൽ ക്രിസ്തുവിനോടും അവന്റെ നിത്യമായ സത്യത്തോടും പോരാടുന്നു. മാത്രമല്ല നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ മാത്രം കാണപ്പെടുന്ന യാഥാർത്ഥ്യങ്ങൾക്കു പകരമായി തന്റെ കാപട്യത്തെ പ്രകടമാക്കുന്നു.

എതിർക്രിസ്തുവിന്റെ ആത്മാവ് ഇന്ന് ഈ ഭൂമിയിലുണ്ട്. അത് ആത്യന്തികമായി സാത്താന്യശക്തിയുള്ള അതിമാനുഷന്റെ പ്രത്യക്ഷതയിലേക്ക് നടത്തപ്പെടും. അവനെയാണ് യോഹന്നാൻ എതിർക്രിസ്തു എന്ന് വിളിക്കുന്നത്. അധർമ്മമൂർത്തി (2 തെസ്സ. 2:1-12) എന്നും അവൻ വിളിക്കപ്പെടുന്നു. ഇന്നത്തെ ലോകത്തിൽ രണ്ടു ശക്തികൾ പ്രവർത്തിക്കുന്നുവെന്ന് ഈ ഭാഗം വിശദീകരിക്കുന്നു. പരിശുദ്ധാത്മാവിനാൽ സഭകളിലൂടെ സത്യം പ്രവർത്തിക്കുന്നു. സാത്താന്റെ ശക്തിയാൽ ദുഷ്ടതയും ലോകത്തിൽ പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് ദൈവമക്കളെ അധർമ്മത്തിൽ നിന്നും തടഞ്ഞു നിർത്തുന്നു. എന്നാൽ ഉൽപ്രാപണത്താൽ സഭ മാറ്റപ്പെട്ടു കഴിയുമ്പോൾ സാത്താന് താൽക്കാലികമായുള്ള അവന്റെ വിജയം വരിക്കുവാൻ കഴിയും. അങ്ങനെ അവൻ ഭൂമിയെ കൈവശമാക്കുകയും ചെയ്യും. എതിർക്രിസ്തുവിന്റെ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ദുരൂപദേഷ്ടാക്കന്മാരുടെ മുഖ്യമായ മൂന്നടയാളങ്ങൾ യോഹന്നാന്റെ ലേഖനത്തിൽ കാണുന്നു.

**1. അവൻ കൂട്ടായ്മയിൽ നിന്ന് വിട്ടുപോകുന്നു** (1 യോഹ. 2:18,19)

അവൻ നമ്മുടെയിടയിൽ നിന്നും പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. അവർ നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മോട് കൂടെ പാർക്കുമായിരുന്നു (വാക്യം 19). നമ്മൾ എന്ന വാക്കുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് സഭയാകുന്ന വിശ്വാസികളുടെ കൂട്ടായ്മയെയാണ്. വിശ്വാസികളുടെ കൂടിവരവിൽ അംഗങ്ങളായ എല്ലാവരും ദൈവിക കുടുംബത്തിലെ അംഗങ്ങളാകണമെന്ന് നിർബന്ധമില്ല. 1 യോഹന്നാൻ 2-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന കപടക്രിസ്ത്യാനികൾ കൂട്ടായ്മയിൽ നിലനിന്നില്ല. അവർ പിൻമാറിപ്പോയി. സഭയിൽ നിൽക്കുന്നതുകൊണ്ട് ഒരു വ്യക്തി രക്ഷിക്കപ്പെട്ടു എന്ന് സൂചിപ്പിക്കുന്നില്ല, മറിച്ച് ഒരു വ്യക്തി ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണോ എന്നതിനുള്ള സൂചനയാണത്. ക്രിസ്തുവിന്റെ സ്നേഹം ഹൃദയങ്ങളിൽ ഇല്ലാത്തവർ കൂട്ടായ്മ വിട്ടുപോകും.

**2. അവൻ വിശ്വാസം നിഷേധിക്കുന്നു** (1 യോഹ. 2: 20-25)

കേവലം ക്രിസ്തുവിനെ അറിയുന്നതിനെക്കാൾ, ജഡത്തിൽ അവതരിച്ച ദൈവമാണ് യേശുക്രിസ്തു എന്ന് ഏറ്റുപറയുന്നതിൽ വളരെയധികം കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അതായത് അവൻ ആരെന്നും അവൻ എന്ത് ചെയ്തുവെന്നുള്ള വിശ്വാസത്തോടുകൂടിയ ഏറ്റുപറച്ചിൽ. ഈ ഏറ്റുപറച്ചിൽ നിഷ്കളങ്കമായി ചെയ്യുവാൻ കഴിയാത്തവന് നിത്യജീവനില്ല. അവൻ സത്യവിശ്വാസത്തെ നിഷേധിക്കുന്നു.

**3. അവൻ വിശ്വസ്തരെ വഞ്ചിക്കുവാൻ പരിശ്രമിക്കുന്നു** (1 യോഹ. 2:26-29)

ദുരൂപദേശക്കാർ പിതാവിനെയും പുത്രനേയും ആത്മാവിനെയും നിഷേധിക്കുന്നവരാണ്. ദൈവം നമുക്ക് തന്നിരിക്കുന്ന കാര്യസ്ഥനാണ് പരിശുദ്ധാത്മാവ് എന്നാൽ ദുരൂപദേശകർ സ്വയം കാര്യസ്ഥന്മാരാകുവാനും മറ്റുള്ളവരെ വഴിതെറ്റിക്കുവാനും ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്ഥാനം അവർ ഏറ്റെടുക്കാൻ ശ്രമിക്കുന്നു. ദൈവിക സത്യത്തെ ഉപദേശിക്കുവാൻ ദൈവം ആത്മാവിനെ നമുക്ക് നൽകിയിരിക്കുന്നതിനാൽ നമ്മുടെ കാര്യസ്ഥനായിരിക്കുവാൻ ഏതു മനുഷ്യനേയും അനുവദിക്കുന്നതിനെതിരെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സഭയിലുള്ള മാനുഷിക ഉപദേഷ്ടാക്കന്മാരുടെ ഔദ്യോഗിക പദം ഇത് നിഷേധിക്കുന്നില്ല. എന്നാൽ നാം സ്വയം ദൈവവചനം പരിശോധിക്കുന്നതോടൊപ്പം പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം മനുഷ്യരുടെ ഉപദേശങ്ങളെ ശോധന ചെയ്യണം.

നാം അന്ത്യകാലത്തിന്റെ ലക്ഷണങ്ങൾ തെളിവായി കണ്ടു തുടങ്ങിയിരിക്കുന്നു. കർത്താവിന്റെ വരവിന് ഇനി താമസമേറെയില്ല. ദുരൂപദേശങ്ങളെ തിരിച്ചറിഞ്ഞ് സത്യത്തിനുവേണ്ടി വിശുദ്ധിയോടെ നമുക്കൊരുങ്ങാം.

**പാസ്റ്റർ എം. സാമുവൽകുട്ടി**

(നാലാം പേജിൽ നിന്ന് തുടർച്ച)

## നല്ല വാക്ക് ഉച്ചരിപ്പിൻ

യോസേഫിന്റെ മകൻ അല്ലയോ എന്നു പറഞ്ഞു(ലൂക്കൊ. 4:22).

യേശു ലാവണ്യ വാക്കുകൾ ആണ് സംസാരിച്ചത് എങ്കിലും സംഭവിച്ചത് മറിച്ചാണ്. പള്ളിയിലുള്ളവർ ഇതു കേട്ടിട്ടു എല്ലാവരും കോപം നിറെഞ്ഞവരായി പള്ളിയിൽ നിന്ന് അവനെ പുറത്താക്കി. അവനോ അവരുടെ നടുവിൽകൂടി കടന്നുപോയി (ലൂക്കൊ. 4:28,30) എന്നിട്ടും കർത്താവ് കോപിച്ചില്ല. ആകാത്തവാക്ക് പറഞ്ഞതും ഇല്ല. ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ (കൊലൊ. 4:6).

നമ്മുടെ സംഭാഷണം കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ. കൃപയുടെ സുവിശേഷം അറിയിക്കുന്നത് കൃപയോടെയായിരിക്കണം.

(തുടരും)

### *വിശ്വാസി* ഇ-മെയിൽ ആയി ലഭിക്കാൻ

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക

MATRIMONIAL

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി (ജി.എൻ.എം) ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതിക്ക് (24 വയസ്, 162 സെ. മീ. ഉയരം, ഫെയർ) ആത്മീയരായ പെന്തക്കോസ്ത് യുവാക്കളുടെ (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9061619793, 9207069093.

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
| --- | --- | --- |
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
| --- | --- | --- |
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം"



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**ശീ**തളരാവിന്റെ ശാന്തതയിൽ ആകാശവിരിപ്പിൽ ഒരു അസാധാരണ പ്രഭ. നക്ഷത്രജാലങ്ങൾക്കിടയിലെ അതിഥിയായി ഒരു ദിവ്യതാരകം. വാനഗോളശാസ്ത്രജ്ഞന്മാർ പരസ്പരം മന്ത്രണശബ്ദത്തിൽ പറഞ്ഞു: യെഹൂദന്മാരുടെ രാജാവിന്റെ നക്ഷത്രം. അതെ യെഹൂദന്മാരുടെ മാത്രമല്ല സർവ്വജനത്തിന്റെയും സമാധാനപ്രഭുവായി യേശു ഭൂജാതനായി. ഭരണാധികാരികൾ, പുരോഹിതന്മാർ മുതലായ സമൂഹത്തിന്റെ മുഖ്യധാരയിലുള്ളവർ മുതൽ താഴെത്തട്ടിലുള്ള ആളുകൾവരെ സംഭ്രമചിത്തരായി. ദൈവം മനുഷ്യനായി പിറന്നു എന്ന വാർത്ത കേട്ട ഹെരോദാരാജാവിന്റെ അധികാരക്കസേര ആടിയുലഞ്ഞു. രണ്ടു വയസ്സിന് താഴെയുള്ള ആൺകുഞ്ഞുങ്ങളുടെ തലയറുത്ത് മാറ്റി ഹെരോദാവിന്റെ പടയാളികൾ അലറിച്ചിരിക്കുമ്പോൾ അങ്ങകലെ പശുത്തൊട്ടിയിൽ ദൈവകുമാരൻ പുഞ്ചിരിച്ച് കൊണ്ട് കിടന്നിരുന്നു; മഹാസന്തോഷത്തിന്റെ ആരംഭമെന്നവണ്ണം.

ദൈവം മനുഷ്യനായി പിറക്കുക എന്ന ക്രൈസ്തവ സന്ദേശത്തിന്റെ പ്രസക്തി വിശുദ്ധ പൗലൊസ് ചിത്രീകരിച്ചിരിക്കുന്നത് ഇങ്ങനെയാണ് അവൻ (യേശു) ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കണം എന്ന വിചാരിക്കാതെ ദാസരൂപം എടുത്തു... തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി (ഫിലി. 2:6,7). ദൈവം ദാസനാകുക, സ്വയം ശൂന്യനാകുക, വേഷത്തിൽ മനുഷ്യനാകുക എന്നീ പ്രയോഗങ്ങളിൽ പ്രകടമാകുന്നത് മാനവരോടുള്ള ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹമാണ്.

യേശുവിന്റെ ജനനത്തിന് 800 വർഷങ്ങൾക്കു പിറകിൽ പ്രവാചക വരേണ്യനായ യെശയ്യാവ് യേശുവിന്റെ ജനനത്തെക്കുറിച്ച് നിർണ്ണായകമായ പ്രവചനം നടത്തി. യേശുവിന്റെ ജനനത്തിൽ പ്രവചനനിവൃത്തിയും വൈവിധ്യങ്ങളായ അത്ഭുതങ്ങളും ഉണ്ടായി. പുരുഷസമ്പർക്കം കൂടാതെ മറിയ ഗർഭവതിയായി തീർന്ന സംഭവം മനുഷ്യചരിത്രത്തിനും മുൻധാരണകൾക്കുമേറ്റ കനത്ത പ്രകരമെന്നവണ്ണം ഇന്നും വെല്ലുവിളിയായി നിലകൊള്ളുന്നു.

വൈജ്ഞാനികളുടെ കൺമുമ്പിൽ കൺചിമ്മി നിന്ന ദിവ്യതാരകം പ്രഭാപൂരിതമായ ഭാവിയിലേക്ക് വിരൽചൂണ്ടി. സാമ്രാജ്യത്വശക്തികളുടെ കളിപ്പാവയായി മാറിയ യെഹൂദന്റെ സ്വത്വബോധത്തിലേക്ക് വെള്ളിവെളിച്ചം വീശിയെത്തിയ നക്ഷത്രം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ അനാഥനല്ലെന്ന് വിളിച്ചോതുകയായിരുന്നു.

നക്ഷത്രലോകം, ഇടയ സമൂഹം, വൈജ്ഞാനിക സംഘം, മൃഗലോകം തുടങ്ങി ലോകസൃഷ്ടികളുടെ ആഹ്ലാദാരവങ്ങൾക്ക് മുമ്പിൽ ദരിദ്രവേഷത്തിൽ പിറന്ന് വീണ നവജാതശിശു നവലോകശിൽപിയായിരുന്നു എന്നത് ദൈവവചന യാഥാർത്ഥ്യമാണ്. വംശവർദ്ധനവിനായി പരമ്പരാഗതമായി അനുവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രത്യുത്പാദന പ്രക്രിയയെ നിശ്ചലമാക്കിയ സംഭവമായിരുന്നു മറിയയുടെ പരിശുദ്ധാത്മാവിലുള്ള ഗർഭധാരണം. പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ കാലഘട്ടം നവീകരിക്കപ്പെടുമെന്നുള്ള യാഥാർത്ഥ്യത്തിന്റെ മുന്നറിയിപ്പായിരുന്നു പ്രസ്തുത സംഭവം.

പാപത്താൽ ദൈവീക സമ്പർക്കം നഷ്ടപ്പെട്ട മനുഷ്യകുലത്തിന് വീണ്ടും സഹവർത്തിത്വം നൽകുവാനാഗ്രഹിച്ച മഹാനായ ദൈവം ഇമ്മാനുവേൽ എന്ന വാക്കിലൂടെ ഞാൻ നിന്നോട് കൂടെയുണ്ട് എന്ന വാഗ്ദത്തെ മുദ്രണം ചെയ്തു. യെഹൂദന്മാരുടെ രാജാവായ യേശുവിനെ കാണുവാൻ വന്ന വിദ്വാന്മാർ അവരുടെ നിക്ഷേപപാത്രങ്ങളെ തുറന്ന് പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വച്ചു. ഭാവിയിൽ യേശുവിന് ലഭിക്കുവാൻ പോകുന്ന ദൈവീക സ്ഥാനങ്ങളുടെ ത്രൈമാനിക ചിത്രമാണ് ഇവിടെ പ്രകടമാകുന്നത്. പിറന്ന് വീണ ശിശുവിനെ ആരാധിക്കുവാൻ വിദ്വാന്മാരെ പ്രേരിപ്പിച്ച ഘടകം എന്താണെന്ന് ചിന്തിച്ചാൽ നിക്ഷേപപാത്രങ്ങളുമായിട്ടുള്ള ദീർഘകാല കാത്തിരിപ്പായിരുന്നു എന്ന് മനസ്സിലാക്കാം. വിദ്വാന്മാരും, ന്യായപ്രമാണവും യെഹൂദന്മാരും മാത്രമല്ല സർവ്വലോകവും കാത്തിരുന്ന നിമിഷത്തിനാണ് പശുത്തൊട്ടി സാക്ഷ്യം വഹിച്ചത്.

ഡിസംബർ മാസത്തിലെ തണുത്ത രാത്രികളെ പ്രകാശമയമാക്കുന്ന നക്ഷത്ര വിളക്കുകളും, കരോൾ ഗായകസംഘങ്ങളും ക്രിസ്തുവിന്റെ ജനനത്തെ ആഘോഷമാക്കി മാറ്റുമ്പോൾ ക്രൈസ്തവസന്ദേശം ക്രൈസ്തവരിൽ നിന്ന് അകലുന്നുവോ എന്ന സംശയം ബാക്കി. വഴിയമ്പലത്തിലെ ഇല്ലായ്മ ക്രിസ്തു എന്ന അനുഭവത്തെ പശുത്തൊട്ടിയിലേക്ക് വഴിതിരിച്ച് വിട്ടപ്പോൾ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ സന്ദേശമായി ക്രിസ്തു മാറുകയായിരുന്നു. ക്രിസ്തുസന്ദേശം വർഗ്ഗീയത എന്ന ഭീകരതയെ ചോദ്യം ചെയ്യുന്നു എന്നതിന്റെ ഉദാഹരണമാണ് സ്വർഗ്ഗീയ സൈന്യത്തിന്റെ സംഘഗാനം; അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം.

ഡിസംബർ മാസത്തിലെ തണുത്ത രാത്രികളെ പ്രകാശമയമാക്കുന്ന നക്ഷത്രവിളക്കുകളും, കരോൾഗായകസംഘങ്ങളും ക്രിസ്തുവിന്റെ ജനനത്തെ ആഘോഷമാക്കി മാറ്റുമ്പോൾ ക്രൈസ്തവസന്ദേശം ക്രൈസ്തവരിൽ നിന്ന് അകലുന്നുവോ എന്ന സംശയം ബാക്കി. വഴിയമ്പലത്തിലെ ഇല്ലായ്മ ക്രിസ്തു എന്ന അനുഭവത്തെ പശുത്തൊട്ടിയിലേക്ക് വഴിതിരിച്ച് വിട്ടപ്പോൾ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ സന്ദേശമായി ക്രിസ്തു മാറുകയായിരുന്നു

(നാലാം പേജിൽ നിന്ന് തുടർച്ച)

# കൂരിരുളിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക്

മനുഷ്യരും അറിഞ്ഞുകൊള്ളുവിൻ സ്വർഗ്ഗത്തിൽ നിന്നും മനുഷ്യരൂപം ധരിച്ചുവന്ന യേശുക്രിസ്തു സകലമനുഷ്യന്റെയും പാപവും ശാപവും ഭാരവുമെല്ലാം സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് ക്രൂശിൽ യാഗമായിത്തീർന്നു. മനുഷ്യർ ചെയ്ത സകലപാപത്തിന്റെയും ശിക്ഷയായ പീഡനം മുഴുവൻ സഹിച്ച് രക്തം ചീന്തി ക്രൂശിൽ മരിച്ചതിനാൽ വിശ്വസിക്കുന്ന സകല മനുഷ്യരുടെയും പാപത്തിന് പരിഹാരമായിരിക്കുന്നു.

ഈ വാർത്ത കേൾക്കുന്നവർ വിശ്വസിക്കുന്നുയെങ്കിൽ സൗജന്യമായ പാപമോചനവും നിത്യജീവനും ലഭിക്കുന്നു. ഇത് വിശ്വസിക്കുകയും യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവും കർത്താവു മായി അംഗീകരിക്കുകയും ചെയ്യുന്നവർക്ക് രക്ഷ സൗജന്യമാണ്. അവർ പിന്നീടൊരിക്കലും പാപികളല്ല. വിശുദ്ധരാണ് കാരണം, യേശുക്രിസ്തു നമ്മുടെ പാപം മോചിച്ചുതന്നുയെന്നു വിശ്വസിക്കുന്നുയെങ്കിൽ പിന്നെയും പാപം മോചിച്ചു കിട്ടിയിട്ടില്ലാത്തവരെപ്പോലെ ഞാൻ ഇപ്പോഴും പാപിയാണ് എന്ന് പറയേണ്ടി വരികയില്ല. കാരണം പാപം മോചിച്ചുകിട്ടിയ മനുഷ്യനിൽ പിന്നെ പാപം ഉണ്ടായിരിക്കുകയില്ല. പാപം ഇല്ലാത്ത വ്യക്തികൾ പിന്നെയെന്തിനാണ് ഞാൻ പാപിയാണ് എന്നുപറയുന്നത്. പാപി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം പാപം എന്നിൽ നിലനിൽക്കുന്നുയെന്നും ഞാൻ ഇപ്പോഴും പിശാചിന്റെ അധികാരത്തിൻ കീഴിലിരിക്കുന്നു എന്നുമാണ്. യേശു പാപം മോചിച്ചു തന്നാൽ അത് പൂർണ്ണമായിട്ടേ മോചിക്കുകയുള്ളൂ. പിന്നീട് ഒരിക്കലും അവർ പാപികളല്ല. പാപത്തിന്റെ പരിണിത ഫലങ്ങളായ സകലശിക്ഷാവിധിയിൽ നിന്നും പാപത്തിന്റെ കാരണങ്ങളിൽ നിന്നും മോചിപ്പിക്കുന്നു(റോമാ. 6:2.8). പാപസ്വഭാവം നീങ്ങുന്നു, രക്തത്തിൽ പാപസ്വഭാവം ഇല്ലാതാകുന്നു.

അതിനാൽ പാപം മോചിച്ചു കിട്ടിയ വ്യക്തിയിൽ നിന്നും യാതൊരു ദോഷപ്രവൃത്തിയും വെളിപ്പെടുകയില്ല. യേശുക്രിസ്തുവിന് യാതൊരു മതങ്ങളുമായും യാതൊരു ബന്ധവുമില്ലാത്തതിനാൽ ഈ യേശു എല്ലാ മനുഷ്യരുടെയും ദൈവവും കർത്താവുമാണ്. രക്ഷകനുമാണ്. ഭൂമിയിൽ ജനിച്ച ഇനിയും ജനിക്കാനിരിക്കുന്ന സകല മനുഷ്യർക്കും വേണ്ടിയാണ് യേശു ക്രൂശിൽ മരിച്ചത്. അതിനാൽ യേശുക്രിസ്തുവിന്റെ ക്രൂശ്മരണത്തിലൂടെ ലോകത്തിലുള്ള മുഴുവൻ മനുഷ്യർക്കും പാപമോചനവും നിത്യജീവനും പ്രാപിക്കാം. ഈ രക്ഷ സകല മനുഷ്യർക്കും സൗജന്യമാണ്. വിശ്വസിക്കുന്ന ഏതു മനുഷ്യനും ഈ രക്ഷ സ്വന്തമാക്കാം. എന്നാൽ പാപമോചനം പ്രാപിച്ചശേഷം ഒരു കാരണവശാലും പഴയജീവിതം തുടരുവാൻ ആരും ഇഷ്ടപ്പെടുകയില്ല. പഴയ പാപജീവിതത്തിൽ തുടരുന്നു എങ്കിൽ തീർച്ചയായും അവരുടെ പാപം മോചിച്ചുകിട്ടിയിട്ടില്ല എന്നു ഉറപ്പാണ്.

ഒരുവൻ മാനസാന്തരപ്പെട്ട് പാപത്തിന് മരിച്ച്(പാപം ഉപേക്ഷിച്ചു) വിശ്വാസ സ്നാനത്തിലൂടെ ക്രിസ്തുവിനോട് ചേർന്നാൽ തീർച്ചയായും ദൈവവചനത്തിന്റെ നിയമങ്ങളും ചട്ടങ്ങളും ക്രിസ്തുവിന്റെ ഉപദേശവും വിട്ട് പുറത്തുപോകാൻ ഇഷ്ടപ്പെടുകയില്ല. ക്രിസ്തുവിനോട് ചേരാൻ സ്നാനമേൽക്കുമ്പോൾ എല്ലാ പാപപ്രവൃത്തികളോടും പാപസാഹചര്യങ്ങളോടും വിട പറഞ്ഞതാണല്ലോ. പാപിയുടെ യാത്ര നരകത്തിലേക്കാണെന്ന് വ്യക്തമായി ബോധ്യ മായപ്പോഴാണല്ലോ പാപജീവിതം ഉപേക്ഷിക്കുവാനും യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം പ്രാപിക്കുവാനും ഭാഗ്യം ലഭിച്ചത്. ഈ ഭാഗ്യകരമായ പാപരഹിത ജീവിതം സൗജന്യമായി ലഭിക്കുന്നതും എല്ലാവർക്കും പൂർണ്ണമായി അവകാശപ്പെട്ടതും ആണെന്ന് എല്ലാവരേയും അറിയിക്കുവാൻ രക്ഷിക്കപ്പെട്ടവർക്ക് കടമയുണ്ട്. പാപമോചനത്തിനു വേണ്ടി നിങ്ങളാരും ഇനി ഒരു കഷ്ടപ്പാടും സഹിക്കേണ്ട. യാതൊരു പരിഹാരപ്രവൃത്തിയും ചെയ്യേണ്ട. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മുടെ എല്ലാവരുടെയും പാപത്തിന് പൂർണ്ണമായും പരിഹാരം വരുത്തിയിരിക്കുന്നു. നിങ്ങൾ ഇത് വിശ്വസിച്ച് ഈ രക്ഷ സ്വീകരിച്ചുകൊള്ളുക.

ഈ രക്ഷ കൈക്കൊള്ളുന്നില്ലായെങ്കിൽ കോടി കോടി വർഷം കഴിഞ്ഞാലും കരകയറാൻ കഴിയാത്ത നരകാഗ്നിയിൽ വീഴും നിശ്ചയം. പാപിയായിരിക്കുന്ന അവസ്ഥയിൽ ആരു മരിച്ചാലും അവർ നിത്യനരകാഗ്നിയിൽ തന്നെ വീഴും സത്യം. ഒരു പാപി പോലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ആകയാൽ എല്ലായിപ്പോഴും എന്നിൽ പാപം ഇല്ലായെന്ന് ഉറപ്പുവരുത്തിതന്നെ ജീവിക്കുക.

**ഇതാ യേശു തന്റെ ദാസന്മാരിലൂടെ ഇന്നും ലോകത്തിലുള്ള എല്ലാവരോടും വിളിച്ചു പറയുന്നത്;**

പാപത്തിന്റെ മോചനത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരേ പാപത്തിന്റെ ഭാരം ചുമക്കുന്നവരേ നിങ്ങൾ എല്ലാവരും (പാപമോചനം ആവശ്യമുളള എല്ലാവരും) എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്തായി 11:27).

ഭൂമിയിലെ സകല ജാതി മതസ്ഥരുമായ എല്ലാവരും അന്വേഷിക്കുന്നതും മറ്റൊരിടത്തും കണ്ടെത്താൻ കഴിയാത്തതും എല്ലാ മനുഷ്യർക്കും ഏറ്റവും അത്യാവശ്യമായിരിക്കുന്നതുമായ വിഷയമാണ് ആശ്വാസം. പാപത്തിൽ നിന്ന് പൂർണ്ണമായ വിടുതൽ പ്രാപിച്ചു കഴിയുമ്പോൾ മാത്രമേ ആശ്വാസം ലഭിക്കുകയുള്ളൂ. ഈ ആശ്വാസം യേശുവിൽ നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ. യേശു പാപം മോചിച്ചു തന്നുയെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് ഹൃദയത്തിൽ അനുഭവിക്കുന്ന ആശ്വാസം.

*(ലേഖകന്റെ ഉടൻ പ്രസിദ്ധീകരിക്കുന്ന "കൂരിരുളിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് (രക്ഷ: എന്ത്?, എന്തിന്?, എങ്ങനെ?)" എന്ന പുസ്തകത്തിൽ നിന്നും എടുത്ത ഒരു ലേഖനം.)*

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th December 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## കൂരിരുളിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക്



**പാസ്റ്റർ കുര്യാച്ചൻ**
**തൊടുപുഴ**

**ഏറ്റവും വലിയ നിലവിളി**

എല്ലാ മനുഷ്യരും അവരവരുടെ മതം പഠിപ്പിക്കുന്ന ദൈവങ്ങ ളോടാണ്(ദേവീദേവന്മാരോട്) അവരുടെ പേരുചൊല്ലി എന്നും നിലവിളിക്കുന്നത്. അയ്യോ ഞങ്ങളുടെ പാപം മോചിച്ചു തരണമേ എന്നാണ് ഒരു മനുഷ്യൻ ജനിച്ച് സംസാരിക്കാൻ തുടങ്ങുമ്പോൾ മുതൽ തുടങ്ങുന്ന നിലവിളി മരിക്കുന്ന സമയത്തും തുടർന്നുകൊണ്ടിരിക്കുന്നു. അതിന്റെ അർത്ഥം ഒരു മനുഷ്യൻ മരണം വരെയും നിലവിളിച്ചിട്ടും പാപമോചനം തരാൻ കഴിവില്ലാത്ത ദൈവങ്ങളോടാണ് മനുഷ്യർ പ്രാർത്ഥിക്കുന്നത് എന്നത് സത്യമല്ലേ.

നോയമ്പു നോക്കുന്നതും മലകൾ കയറുന്നതും പെരുന്നാളുകളും ഉത്സവങ്ങളും നേർച്ചകാഴ്ചകൾ വഴിപാടുകൾ തീർത്ഥാടനങ്ങൾ തുടങ്ങിയ സകലമതാചാരങ്ങളുടെയും പിന്നിലെ ലക്ഷ്യം പാപമോചനമാണ്. മനുഷ്യർ ഇത്രയും നിലവിളിക്കുന്നതിന്റെ കാരണം പാപത്തിന്റെ ഭാരവും വേദനയും അത്രയ്ക്കും ഭയങ്കരമായതു കൊണ്ടാണ്. എന്നാൽ ഈ വിധമായ യാതൊരു നിലവിളി കൊണ്ടും മതാചാരങ്ങൾ കൊണ്ടും യാതൊരു മനുഷ്യന്റെയും പാപം പരിഹരിക്കപ്പെട്ടതായി കേൾക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ഭൂമിയിലെ മുഴുവൻ മതങ്ങളിലെ മുഴുവൻ മതാചാരങ്ങളും കൂട്ടിച്ചേർത്തു വച്ചാലും ഒരാളിന്റെ പോലും പാപം മോചിക്കുവാൻ കഴിയുന്നതല്ല. കാരണം മതങ്ങൾ ദൈവത്തിന്റെ സൃഷ്ടിയല്ല അതുകൊണ്ടല്ലേ മതങ്ങൾ തമ്മിൽ തമ്മിൽ കലഹിക്കുന്നത്. മത്സരങ്ങളും കലാപങ്ങളും വർഗ്ഗീയലഹളകളും രകതച്ചൊരിച്ചിലുകളും നടക്കുന്നത്. ലോകത്തിൽ ഏറ്റവും അധികം ആളുകൾ കൊല്ലപ്പെടുന്നത് മതങ്ങളുടെ പേരിലാണ്. ഏറ്റവും കൂടുതൽ പാപപ്രവൃത്തികൾ അരങ്ങേറുന്നതും മതത്തിന്റെയും ജാതിയുടെയും മറവിലാണ്. ഉദാഹരണത്തിന് കേരളത്തിലെ കാര്യം മാത്രം എടുത്തു നോക്കിയാൽ ഓണം, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ ദിവസങ്ങളിലല്ലേ ഏറ്റവും കൂടുതൽ മദ്യപാനം നടക്കുന്നത്. ഓരോ മതങ്ങളിലെയും ഇഷ്ട ദൈവങ്ങളെ സേവിക്കുന്നവരുടെ ഹൃദയത്തിൽ നിന്നും പുറത്തേക്ക് വരുന്ന അസമാധാനത്തിൽ നിന്നാണല്ലോ കലാപങ്ങൾ അഥവാ ദോഷപ്രവർത്തികൾ അരങ്ങേറുന്നത്.

**മനുഷ്യരെ അനുഭവിക്കുന്ന സകലവിധമായ ദുഖ-ദുരിതങ്ങളുടെയും കാരണം അവരിലെ പാപമാണ്. യേശു ക്രിസ്തു ലോകത്തിൽ വന്നത് സകല മനുഷ്യരേയും അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടിയാണ്. അഥവാ പാപം നീങ്ങുമ്പോൾ പാപത്തിന്റെ സകലവിധമായ ദോഷങ്ങളിൽ നിന്ന് മനുഷ്യർ രക്ഷ പ്രാപിക്കുന്നു**

**മനുഷ്യന്റെ പാപം മോചിച്ചു തരുവാൻ ആർക്കാണ് അധികാരമുള്ളത്?**

മനുഷ്യന്റെ പാപം മോചിച്ചുതരുവാൻ കഴിയുന്ന ഒരാൾ മാത്രമേ ഈ ലോകത്തിൽ വെളിപ്പെട്ടിട്ടുള്ളൂ. ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു യെന്നത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ 1 തിമോ. 1:15.

യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും മനുഷ്യരൂപം ധരിച്ച് വന്നു. യേശുക്രിസ്തുവിന് യാതൊരു മതവുമായും യാതൊരു ബന്ധവുമില്ല. യേശു ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു നിരൂപിക്കാതെ ദാസരൂപം എടുത്ത് മനുഷ്യ സാദൃശ്യത്തിലായി തന്നത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണ മുള്ളവനായി ത്തീർന്നു( ഫിലി. 2:6.8).

**ഇതാ സകലജനത്തോടുമായി ഒരു മഹാസന്തോഷ വാർത്ത**

ലോകം മുഴുവനുമുള്ള എല്ലാ മനുഷ്യരും ഏതു കാര്യത്തിനുവേണ്ടി ഏറ്റവും കൂടുതൽ അദ്ധ്വാനിക്കുന്നുവോ നിലവിളിക്കു ന്നുവോ ആ വിഷയത്തിന് ഇതാ പരിഹാരമായിരിക്കുന്നു എന്ന് സകല

(ശേഷം മൂന്നാം പേജിൽ)

ഉറവ

## നല്ല വാക്ക് ഉച്ചരിപ്പിൻ

**എം.എസ്.കെ.**

*കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുതു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുതു; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നതു*(എഫെ. 4:29–30)

വിശ്വാസിയുടെ സംസാരം രൂപാന്തരപ്പെട്ടതാകണം. വിശ്വാസിയുടെ വായിൽനിന്ന് ആകാത്ത വാക്കുകൾ വരരുത്. ദൂഷണം, ദുർഭാഷണം എന്നിവ വിട്ടുകളയണം. *ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ* (കൊലൊ. 3:8) നാക്ക് വരുത്തുന്ന നാശം വളരെയാണ്. അത് ചെറിയ അവയവം എങ്കിലും അഗ്നിജ്വാല പോലെ മാരകമാണ്. നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല ....ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. (യാക്കോബ് 3:8–9). നീതിമാനെക്കുറിച്ചു: അവന്നു നൻമ വരും എന്നു പറവിൻ: തങ്ങളുടെ പ്രവൃത്തികളുടെ ഫലം അവർ അനുഭവിക്കും. ദുഷ്ടന്നു അയ്യോ കഷ്ടം! അവന്നു ദോഷം വരും; അവന്റെ പ്രവൃത്തികളുടെ ഫലം അവനും അനുഭവിക്കും. എന്റെ ജനമോ, കുട്ടികൾ അവരെ പീഡിപ്പിക്കുന്നു; സ്ത്രീകൾ അവരെ വാഴുന്നു; എന്റെ ജനമേ, നിന്നെ നടത്തുന്നവർ നിന്നെ വഴിതെറ്റിക്കുന്നു; നീ നടക്കേണ്ടുന്ന വഴി അവർ നശിപ്പിക്കുന്നു (യെശ. 3:10–12).

ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ് സംസാരിക്കുന്നത്. സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും ? ഹൃദയം നിറെഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത് (മത്താ. 12: 34). ദുഷ്ടഹൃദയത്തിൽ നിന്നാണ് ദുർഭാഷണം ഉണ്ടാകുന്നത്. അതുകൊണ്ട് പൗലൊസ് ഫിലിപ്പ്യയിലെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്: ഒടുവിൽ സഹോദരൻമാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ(ഫിലി. 4:8).

ദുർഭാഷണം-ഹനിക്കുന്നു:നല്ലവാക്ക് - ആത്മികവർദ്ധന വരുത്തുന്നു. ചീത്തവാക്ക് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. നല്ല വാക്ക് സന്തോഷിപ്പിക്കുന്നു. കൃപ ഉളവാക്കുവാൻ ഉതകുന്ന വാക്കുകൾ ഉപയോഗിക്കുക. ദൈവം കൃപ നിറഞ്ഞവൻ. നാമും കൃപയുള്ളവരായി മാറണം. വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹ. 1:14). തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യൻമാരുടെ നാവു തന്നിരിക്കുന്നു. അവൻ രാവിലെ തോറും ഉണർത്തുന്നു. ശിഷ്യൻമാരേപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു. (യെശ. 50:4) എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യവാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു: ഇവൻ

(ശേഷം രണ്ടാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

Pray * Watch * Sponsor

## ZION KE SAFAR

A Television program presented by GOOD TIDING on **SHUBHSANDESH T.V.** on every Sunday at 5 pm to 5: 30 pm.

From 18th December 2016

**Special Features:**
Powerful Bible teachings by **Pr. Aniyan Samuel** (Director, GOOD TIDING), Spirit filled worship songs by prominent worship leaders and inspiring testimonies.

**Our Vision:**
Reach the unreached with the Gospel and strengthen the body of Christ with the word of God

For more details please contact:
**Pr. Aniyan Samuel**
**Program Director**
**Mob- 9968244847**
Email- info@goodtiding.org Website: www.goodtiding.org

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442